പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.691

09.02.2016 ൽ
മറുപടിയ്ക്ക്

## പോസിറ്റീവ് കേരള മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന യുവജനക്ഷേമബോർഡ് പോസിറ്റീവ് കേരള മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | ബി) മന:ശക്തിയുടെയും, വ്യക്തിത്വ വികസനത്തിന്റെയും അനന്തമായ സാദ്ധ്യതകൾ തുറന്ന് നൽകി ജീവിതോന്നതി ആഗ്രഹിക്കുന്നവർക്കായി സമഗ്രമായ ഒരു വിജയപദ്ധതിയാണ് പോസിറ്റീവ് കേരളാ മിഷൻ. ജീവിത വിജയത്തെക്കുറിച്ച് തികച്ചും പോസിറ്റീവായ ദർശനം പകർന്ന് നൽകുക, വ്യക്തി ജീവിതം, കുടുംബ ജീവിതം, തൊഴിൽ ജീവിതം, സാമൂഹ്യ ജീവിതം, സാമ്പത്തിക ജീവിതം എന്നീ സുപ്രധാനമായ മേഖലകൾക്ക് ശക്തി പകരുക, ഓരോരുത്തരുടെയും ശാരീരികവും, മാനസികവുമായ ആരോഗ്യം, ഭദ്രമായ കുടുംബ ബന്ധം, കരിയറിന്റെ വിവിധ ഘട്ടങ്ങൾ, സുതാര്യവും, അന്യോന്യാശ്രിതവുമായ സാമൂഹിക ബന്ധം, വളരുന്ന സമ്പത്ത് മുതലായവയിൽ മാനസിക ശാക്തീകരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) പോസിറ്റീവ് കേരളാ മിഷൻ പ്രോഗ്രാം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 10 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് ലൈൻ ഫൗണ്ടേഷൻ എന്ന സംഘടനയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. അന്താരാഷ്ട്ര പ്രശസ്തനും, മന:ശക്തി പരിശീലകനും, ഗ്രന്ഥകാരനുമായ ഡോ. പി.പി. വിജയനാണ് നേതൃത്വം നൽകിയത്. വ്യക്തിവികസനം, മോട്ടിവേഷൻ, ശുഭചിന്തകൾ, പോസിറ്റീവ് മനോഭാവം എന്നീ വിഷയങ്ങളിൽ ആർട്സ് & സയൻസ് കോളേജുകൾ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**